**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - കോട്ടയം നഗരസഭയിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ. സുധീപ്. എസ്, ശ്രീ. രാജേഷ് പി ജി എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 2643/2018/തസ്വഭവ. തീയതി, തിരുവനന്തപുരം, 15.10.2018

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 17.11.2014 തീയതിയിലെ ഇ 5(എസ്.സി 35/2014/ERK)27147/2014 നം. കത്ത്

2. സർക്കാരിന്റെ 29.03.2016 തീയതിയിലെ ഇയു2/41/2016/തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 25.05.2018 തീയതിയിലെ വി1-14747/15 നമ്പർ റിപ്പോർട്ട്.

## ഉത്തരവ്

കോട്ടയം നഗരസഭയിൽ അനധികൃതമായി അറവുശാല പ്രവർത്തിക്കുന്നത് സംബന്ധിച്ച പരാതിപ്രകാരം, സോൺ സി മേഖലയിൽ പ്രവർത്തിച്ചു വരുന്ന അറവുശാലയിൽ 24/09/14 ൽ വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ നടത്തിയ മിന്നൽ പരിശോധനയിൽ നിയമാനുസൃതമല്ലാതെയും അനാരോഗ്യകരമായ അവസ്ഥയിലും അറവുശാല പ്രവർത്തിക്കുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് ആയതിന് ഉത്തരവാദികളെന്ന് വിജിലൻസ് കണ്ടെത്തിയ ടി നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ.സുധീപ് എസ് ശ്രീ.രാജേഷ്. പി ജി എന്നിവർക്കെതിരെ കെ സി എസ് (സി.സി.&എ) റൂൾ 16 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. കോട്ടയം നഗരസഭയിലെ അറവുശാല നിയമാനുസൃതമല്ലാതെയും അനാരോഗ്യകരമായ അവസ്ഥയിലും ലൈസൻസ് ഇല്ലാതെയും മോശമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്നതായും ആയത് ഹെൽത്ത് ഇൻസ്പെക്ടർമാരുടെ അറിവോടെയും മൗനാനുവാദത്തോടെയുമാണെന്നും അതുവഴി നഗരസഭയ്ക്ക് ഭീമമായ റവന്യൂ നഷ്ടം വന്നതായും കണ്ടെത്തിയിരുന്നതിനാലാണ് ആയതിന് ഉത്തരവാദികളെന്ന നിലയിൽ ഹെൽത്ത് ഇൻസ്പെക്ടർമാരായ ശ്രീ.സുധീപ്, ശ്രീ.രാജേഷ് എന്നിവർക്ക് കുറ്റാരോപണ മെമ്മോ നൽകിയിരുന്നത്.ആയതിന് ടിയാളുകൾ സമർപ്പിച്ച പ്രതിവാദ പത്രികയിൽ കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ മുഖേന നടത്തിയ പരിശോധന പ്രകാരം നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിരുന്നു.

2. ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയിരുന്ന ശ്രീ. സുധീപ് .എസ് സമർപ്പിച്ചിട്ടുള്ള എതിർവവാദപത്രികയിൽ നഗരസഭാ തൊഴിലാളികളെ ഉപയോഗിച്ച് ദിവസവും ശുചീകരണ പ്രവർത്തനം നടത്തിയിട്ടുള്ളതായും കശാപ്പിന് ശേഷമുണ്ടാകുന്ന മാലിന്യങ്ങൾ നഗരസഭയുടെ ബയോഗ്യാസ് പ്ലാന്റിലേയ്ക്ക് യഥാസമയം നീക്കം ചെയ്യാറുണ്ടെന്നും അറവുശാലയും അനുബന്ധമായി പ്രവർത്തിക്കുന്ന സ്റ്റാളുകളും സ്ഥിതി ചെയ്യുന്ന കെട്ടിടം കാലപ്പഴക്കം മൂലവും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതു മൂലവും ശോചനീയമായ അവസ്ഥയിലാണെന്ന കാര്യം മേലധികാരികൾക്ക് റിപ്പോർട്ട് ചെയ്തിരുന്നതായും സ്റ്റാളുകളിൽ വ്യാപാരം നടത്തുന്നതിനുള്ള അവകാശവും മൃഗങ്ങളെ കശാപ്പ് ചെയ്യുന്നതിനുള്ള കുത്തകാവകാശവും നഗരസഭാ കൌൺസിലിന്റെ തീരുമാനപ്രകാരം ലേലത്തിൽ നൽകിയിരുന്നതായും തൻ വർഷത്തെ അവകാശം ശ്രീ.എ നാസർ എന്നയാൾക്ക് നൽകിയിട്ടുള്ളതായും ലേലം നൽകിയിട്ടുള്ള സ്റ്റാളുകളിൽ കച്ചവടം ചെയ്യുന്നതിന് നിയമാനുസൃതമായ ഡി ആന്റ് ഒ ലൈസൻസ്. ഫീസ് സ്റ്റാൾ ഉടമകൾ നഗരസഭയിൽ ഒടുക്കിയിട്ടുള്ളതായും പ്രസ്തുത അറവുശാലയുടെയും സ്റ്റാളുകളുടെയും പ്രവർത്തനം നഗരസഭയ്ക്ക് യാതൊരു നഷ്ടവും കൂടാതെയാണ് തന്റെ മേൽനോട്ടത്തിൽ നടന്നു വന്നിരുന്നതെന്നും അറവുശാലയുടെ ശോചനീയാവസ്ഥ സംബന്ധിച്ച് താൻ റിപ്പോർട്ട് നൽകിയിരുന്നതായും ആയതിന്മേൽ നടപടി സ്വീകരിക്കേണ്ടത് നഗരസഭാ കൌൺസിൽ ആണെന്നും ഔദ്യോഗിക ചുമതലകൾ വീഴ്ച കൂടാതെ നിറവേറ്റിയിട്ടുണ്ടെന്നും മന:പൂർവ്വമായ വീഴ്ചകൾ ഉണ്ടായിട്ടില്ലെന്നും ടി വസ്തുതകൾ പരിഗണിച്ച് തുടർനടപടികളിൽ നിന്നും ഒഴിവാക്കിത്തരണമെന്നും അപേക്ഷിച്ചിരുന്നു .

3. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.രാജേഷ് പി.ജി തന്റെ എതിർവാദപത്രികയിൽ അറവുശാലയും അനുബന്ധമായി പ്രവർത്തിക്കുന്ന സ്റ്റാളുകളും സ്ഥിതിചെയ്യുന്ന കെട്ടിടം കാലപ്പഴക്കം മൂലവും യഥാസമയം അറ്റകുറ്റപ്പണികൾ നടത്താത്തതിനാലും ശോചനീയാവസ്ഥയിലാണെന്ന വിവരം മേലധികാരികളെ അറിയിച്ചിരുന്നതായും 2014-15 വർഷ കാലയളവിലുള്ള ഡി ആന്റ് ഒ ലൈസൻസ് ഫീസ് സ്റ്റാളുകൾ ലേലത്തിൽ എടുത്തവരിൽ നിന്നും ഒടുക്ക് വരുത്തിയിട്ടുള്ളതായും ബുച്ചർമാർക്ക് ഡി ആന്റ് ഒ ലൈസൻസ് ഫീസ് അഡ്വാൻസ് കളക്ഷൻ സമയത്ത് ഈടാക്കിയിട്ടുള്ളതായും ദിവസവും അറവുശാലയുടെ ശുചീകരണത്തിന് നേതൃത്വം നൽകുകയും കശാപ്പിന് ശേഷം അണുനാശിനി ഉപയോഗിച്ച് അറവുശാലയും പരിസരവും വൃത്തിയാക്കാറുള്ളതായും ഹെൽത്ത് ഇൻസ്പെക്ടർ നൽകുന്ന നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ജോലികൾ കൃത്യമായി നിർവ്വഹിച്ചിട്ടുള്ളതായും അറവുശാലയുടെയും സ്റ്റാളുകളുടെയും പ്രവർത്തനം മൂലം നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്നും തുടർ നടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു .

4. നഗരകാര്യഡയറക്ടർ സമർപ്പിച്ച റിപ്പോർട്ടിൽ കോട്ടയം നഗരസഭയിലെ മാർക്കറ്റിനോട് ചേർന്ന് പരമ്പരാഗത രീതിയിൽ പ്രവർത്തിച്ചു വന്നിരുന്ന കശാപ്പുശാല കെട്ടിടത്തിന്റെ കാലപ്പഴക്കം മൂലം അറ്റകുറ്റപ്പണികൾ ചെയ്യിച്ച് നിലനിർത്തുന്നതിന് ഹെൽത്ത് ഇൻസ്പെക്ടറുടെ ശുപാർശയോടെ സമർപ്പിച്ച റിപ്പോർട്ട് നഗരസഭയുടെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ സമർപ്പിച്ചിരുന്നതും എന്നാൽ യഥാസമയം അറ്റകുറ്റപ്പണികൾ ചെയ്യാതിരുന്നിട്ടും ഹെൽത്ത് വിഭാഗം സാദ്ധ്യമായ രീതിയിൽ കശാപ്പുശാല ശുചീകരിച്ച് പ്രവർത്തിപ്പിച്ചു വന്നിരുന്നതും യഥാസമയം ലേലനടപടികൾ പൂർത്തീകരിച്ച് ലൈസൻസ് നൽകിയതിലൂടെ നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്ന ഹെൽത്ത് സൂപ്പർവൈസർ ബോധിപ്പിച്ചിരിക്കുന്ന മറുപടി സ്വീകരിക്കാവുന്നതാണെന്നും യഥാസമയം അറ്റകുറ്റപ്പണികൾ പൂർത്തീകരിക്കേണ്ടതും

പുതുതായി നിർമ്മിച്ചു വരുന്ന ആധുനിക അറവുശാലകളുടെ നിർമ്മാണ പുരോഗതിയും മറ്റും ആരോഗ്യവിഭാഗത്തിന്റെ നിയന്ത്രണത്തിൽ അല്ലാത്തതിനാൽ ഇതു സംബന്ധിച്ച തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടില്ലായെന്നും കൗൺസിലിന്റെയും ബന്ധപ്പെട്ട വകുപ്പുകളുടെയും മേൽനോട്ടത്തിൽ നടക്കുന്ന പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ആധുനിക അറവുശാല പ്രവർത്തന സജ്ജമാക്കുമെന്നും നഗരസഭയുടെ ഉടമസ്ഥതയിൽ 40 വർഷത്തിലധികമായി പ്രവർത്തിച്ചു വരുന്ന പരമ്പരാഗത രീതിയിലുള്ള കശാപ്പ് ശാല നടത്തിപ്പിന് പൊതുലേലം വഴിയാണ് ഓരോ വർഷവും ഏൽപ്പിച്ചു കൊടുക്കുന്നതെന്നും ആയതിന്റെ നടത്തിപ്പ് അവകാശി എന്ന നിലയിൽ ആണ് ലൈസൻസ് ഫീസ് ആയി ലേലത്തുക ഈടാക്കുന്നതും സ്വകാര്യ കശാപ്പുശാലയുടെ നടത്തിപ്പിന് നഗരസഭയിൽ നിന്നും ഡി ആന്റ് ഒ ലൈസൻസ് അനുവദിക്കുന്നതുപോലെ നഗരസഭയുടെ ഉടമസ്ഥതയിലുള്ള കശാപ്പ് ശാലയ്ക്ക് പ്രത്യേകമായ ഡി ആന്റ് ഒ ലൈസൻസ് നൽകാറില്ലെന്നും കശാപ്പുശാലയുടെ ലേല നടപടി ഫയൽ പരിശോധിച്ചതിൽ 2014-15 കാലഘട്ടത്തിൽ നഗരസഭാ കശാപ്പുശാല ആട്ടിറച്ചി സ്റ്റാൾ 1 മുതൽ 8 വരെയും , മാട്ടിറച്ചി സ്റ്റാൾ 1 മുതൽ 4 വരെയും , 06/03/2014 ൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ലേലം നടത്തുകയും 31/03/2014 ലെ കൗൺസിൽ 1- എ നമ്പർ തീരുമാന പ്രകാരം ലേല നടപടി അംഗീകരിച്ചിട്ടുള്ളതും, ടി ഇനത്തിൽ 13,25,216/- രൂപ നഗരസഭാ ഫണ്ടിൽ ലഭിച്ചിട്ടുള്ളതും ആയതിനാൽ വരുമാന നഷ്ടം ഉണ്ടായിട്ടില്ലാത്തതുമാണെന്നും റിപ്പോർട്ട് ചെയ്യുന്നു. നിലവിലുണ്ടായിരുന്ന സാഹചര്യത്തിൽ കശാപ്പുശാല ശുചിയായി സൂക്ഷിക്കുവാൻ ബന്ധപ്പെട്ടവർ ശ്രമിച്ചിട്ടുണ്ടെന്നുള്ളതും നഗരസഭയ്ക്ക് സാമ്പത്തിക നഷ്ടം ഉണ്ടാക്കിയിട്ടില്ലെന്ന വാദവും പരിഗണിക്കാവുന്നതാണെന്ന് റീജിയണൽ ജോയിന്റ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി നഗരകാര്യഡയറക്ടർ അറിയിച്ചു.

5. മേൽ വിഷയം വിജിലൻസ് റിപ്പോർട്ടിന്റെയും ജീവനക്കാരുടെ മറുപടിയുടെയും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചതിൽ ബുച്ചർ ലൈസെൻസിനുവേണ്ടി പലരും തുക അടച്ചിട്ടും ലൈസൻസ് നൽകിയില്ല, ലൈസെൻസില്ലാത്തയാളുകളാണ് കശാപ്പനടത്തുന്നത്, തികച്ചും വൃത്തിഹീനമായ അവസ്ഥയിൽ രക്തവും ചാണകവും കെട്ടിക്കിടക്കുന്നു, രക്തവും മറ്റും ഒഴുകുന്നതിനുവേണ്ടിയുള്ള ഓട തടസപ്പെട്ടു കിടക്കുന്നു, അതിനടുത്തായിത്തന്നെ ഉണക്കമത്സ്യം വിൽക്കുന്നു. കശാപ്പുചെയ്യേണ്ട മാടുകളെ കശാപ്പുചെയ്ത മാടുകളുടെയും അതിന്റെ അവശിഷ്ടങ്ങളുടെയും അടുത്തായി കെട്ടിയിട്ടിരിക്കുന്നു എന്നിവ ആരോപണവിധേയരായവരുടെ സാന്നിദ്ധ്യത്തിലാണ് വിജിലൻസ് കണ്ടെത്തി റിപ്പോർട്ട് നൽകിയിട്ടുള്ളത്. കുറ്റാരോപിതരായ ജീവനക്കാരുടെ എതിർവവാദപത്രികയിൽ ഇതേ സംബന്ധമായ കാര്യങ്ങൾ പ്രതിപാദിച്ചു കാണുന്നില്ല. പരിസരം ശുചിയാക്കി വെക്കണമെന്ന് ബുച്ചർമാർക്കും ലൈസെൻസിക്കും നിർദേശം നൽകുന്നതിൽ വീഴ്ചവരുത്തിയതായും പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട ഇത്തരം കാര്യങ്ങളിൽ അതീവ ശ്രദ്ധ്കാന്തി കാണിക്കേണ്ട അവസരത്തിൽ ആരോഗ്യവിഭാഗത്തിലെ ഹെൽത്ത് ഇൻസ്പെക്ടർമാരായ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയ ശ്രീ.സുധീപ് എസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.രാജേഷ് പി ജി എന്നിവരുടെ ഭാഗത്ത് നിന്നും അനാസ്ഥ ഉണ്ടായതായും വീഴ്ച സംഭവിച്ചതായും തെളിഞ്ഞിട്ടുണ്ട്.

6. മേൽ സാഹചര്യത്തിൽ കോട്ടയം നഗരസഭയിൽ 24/09/14 ൽ വിജിലൻസ് നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളിൽ ആരോഗ്യവിഭാഗം ജീവനക്കാരുടെ

ഭാഗത്തു നിന്നും വീഴ്ചകൾ സംഭവിച്ചിട്ടുള്ളതിനാൽ ആയതിന്റുത്തരവാദികളായ കോട്ടയം നഗരസഭയിലെ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 ആയ ശ്രീ.സുധീപ് എസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.രാജേഷ് പി ജി എന്നിവർക്കെതിരെ തുടങ്ങിവച്ച അച്ചടക്ക നടപടി ടിയാളുകളുടെ മൂന്നു വാർഷിക ഇൻക്രിമെന്റുകൾ സഞ്ചിത ഫലത്തോടെയല്ലാതെ മൂന്ന് വർഷത്തേക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കുന്നു. ഇക്കാര്യത്തിൽ നഗരകാര്യ ഡയറക്ടർ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ്.മോഹൻദാസ്**

അഡീഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.സുധീപ് എസ്,ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ്-2 , കോട്ടയം നഗരസഭ ( *നഗരകാര്യ*

ശ്രീ.രാജേഷ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, കോട്ടയം നഗരസഭ *ഡയറക്ടർ മുഖേന)*

വിജലൻസ് വകുപ്പ്(05.09.2018 തീയതിയിലെ വിജി-ഡി1/ 918/ 2018-വിജി നമ്പർ കുറിപ്പ് )

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻഓഫീസർ